"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. എസ് 1/41/2025-ആഭ്യന്തരം
ആഭ്യന്തരം (എസ്) വകുപ്പ്
തിരുവനന്തപുരം,
തീയതി: 27-03-2025

<u>സർക്കുലർ</u>

വിഷയം:- ആഭ്യന്തര വകുപ്പ് - പ്രോസിക്യൂഷൻ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ, എന്നിവരുടെ 2025-26 വർഷത്തിലെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. സ.ഉ.(കൈ) നം.21/2000/ആഭ്യന്തരം തീയതി: 29/01/2000

2. സ.ഉ.(അ4ടി) നം.3/2017/ഉ.ഭ.പ.വ തീയതി: 25/02/2017

**********************

സൂചന ഒന്നിലെ ഉത്തരവ് പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ എന്നിവരുടെ സ്ഥലംമാറ്റം സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. സൂചന രണ്ട് പ്രകാരം സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ രണ്ട് ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ സീനിയർ ഗ്രേഡ്, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് I. അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് II, എന്നിവരുടെ 2025-26 വർഷത്തിലെ സ്ഥലംമാറ്റം സംബന്ധിച്ച് താഴെ കാണും പ്രകാരമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. മേൽ സൂചിപ്പിച്ച കാറ്റഗറിയിലുള്ള ഉദ്യോഗസ്ഥർ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ എപ്രിൽ 30-നകം പ്രോസിക്യൂഷൻ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

2. അപേക്ഷയിൽ സ്ഥലംമാറ്റം ആവശ്യപ്പെടുന്ന ഓഫീസ്, ഇപ്പോഴത്തെ ഓഫീസിൽ എത്രവർഷമായി ജോലി ചെയുന്നു എന്നീ വിവരങ്ങൾ ഉണ്ടായിരിക്കണം.

3. അപ്രകാരം സമർപ്പിക്കപ്പെടുന്ന അപേക്ഷയിൽ അപേക്ഷകനെ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

4. സൂചന രണ്ടിലെ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന പ്രത്യേക മുൻഗണനയ്ക്ക് അർഹതയുണ്ടെങ്കിൽ ആയത് അപേക്ഷയോടൊപ്പം വ്യക്തമാക്കിയിരിക്കണം.

5. പ്രത്യേക മുൻഗണന അവകാശപ്പെടുന്ന അപേക്ഷകർ ആയത് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

6. നിലവിൽ മൂന്നു വർഷത്തിൽ കൂടുതലായി ഒരേ സ്റ്റേഷനിൽ ജോലി ചെയുന്നവരുടെ പട്ടിക പ്രത്യേകമായി നൽകേണ്ടതാണ്.

7. മേൽ സൂചിപ്പിച്ച മാനദണ്ഡങ്ങൾ പാലിച്ച് സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ ക്രോഡീകരിച്ച് പ്രോസിക്യൂഷൻ ഡയറക്ടർ (ഭരണം) ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കേണ്ടതും, ആയത് വകുപ്പ് മേധാവിയുടെ വ്യക്തമായ ശിപാർശ സഹിതം അടിയന്തിരമായി സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

BISHWANATH SINHA
ADDITIONAL CHIEF SECRETARY

ഉത്തരവിൻ പ്രകാരം

Signed by
Sheena. S
Date: 28-03-2025 12:21:07

സെക്ഷൻ ഓഫീസർ.

പകർപ്പ്

ഡയറക്ടർ ജനറൽ ഓഫ് പ്രോസികയൂഷൻ(ഭരണം)
വിവര പൊതുജന സമ്പർക്ക വകപ്പ്പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ'/ഓഫീസ് കോപ്പി( E- 3058828)